**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2702** **24-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളിൽ പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപം, തൊഴിൽ എന്നീ മേഖലകളിലേക്ക് പട്ടിക വർഗ്ഗക്കാരെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (എ) | വയനാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപം, തൊഴിൽ എന്നീ മേഖലകളിലേക്ക് പട്ടിക വർഗ്ഗക്കാരെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലയിൽ പട്ടികവർഗ്ഗ മേഖലയുടെ ഉന്നമനത്തിനായി വയനാട് ഗോത്ര ട്രൈബൽ മൾട്ടി പർപ്പസ് യുവസഹകരണ സംഘം ഡബ്യൂ.371 രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിൽ അവസരങ്ങളിൽ പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | നിലവിൽ സഹകരണ സംഘത്തിലെ തൊഴിൽ അവസരങ്ങളിൽ, പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നേരിട്ടുള്ള നിയമന രീതിയാണെങ്കിൽ ഓരോ സംഘത്തിലെയും ജീവനക്കാരുടെ പത്ത് ശതമാനം തസ്തികകൾ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കുവേണ്ടി സംവരണം ചെയ്യപ്പെട്ടിരിക്കണമെന്ന് കേരള സഹകരണ നിയമം വകുപ്പ് 80 (4) ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. കൂടാതെ സഹകരണ നിയമം ചട്ടം 183 (1) പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷത്തെ പ്രായപരിധി ഇളവും അനുവദിച്ചിട്ടുള്ളതാണ്. ആയത് പ്രകാരമാണ് സഹകരണ സ്ഥാപനങ്ങളിൽ നിയമനം നടത്തി വരുന്നത്. |
| (സി) | വയനാട് ജില്ലയിലെ പട്ടികവർഗ്ഗക്കാർക്ക് സഹകരണ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കാമോ? | (സി) | സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ നിലവിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയായ പുനർജ്ജനി പദ്ധതി, സ്പെഷ്യൽ റിവൈവൽ ധനസഹായം, പുനരുദ്ധാരണ/ വികസന ധനസഹായം മുതലായ സ്കീമുകളിൽ വ്യവസ്ഥകൾക്കു വിധേയമായി ധനസഹായങ്ങൾ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ